# പതിനാലാം കേരള നിയമസഭ
## (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2901** **13.03.2020-ൽ മറുപടിയ്ക്ക്**

**ഇന്ത്യൻ മേജർ കാർപ്പ് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള നടപടി**

| ചോദ്യം<br>ശ്രീ.കെ. രാജൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) പീച്ചി ഡാം റിസർവോയർ ഏരിയയിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യങ്ങളെ ഫിഷറീസ് വകുപ്പ് നിക്ഷേപിക്കുന്നത് തടഞ്ഞുകൊണ്ട് വനം വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | എ) പീച്ചി ഡാം റിസർവോയർ ഏരിയയിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യങ്ങളെ ഫിഷറീസ് വകുപ്പ് നിക്ഷേപിക്കുന്നത് തടഞ്ഞുകൊണ്ട് വനംവകുപ്പ് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ദേശീയ മത്സ്യബോർഡിന്റെ ധനസഹായത്തോടെ റിസർവോയറുകളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് പുറപ്പെടുവിച്ച 06.11.2013-ലെ സ.ഉ(സാധാ) നമ്പർ 923/13/മതുവ പരാമർശിച്ചുകൊണ്ട് വനംവകുപ്പ് പുറപ്പെടുവിച്ച 09/01/2014 ലെ സ.ഉ.(ആർ.റ്റി) നമ്പർ 17/2014/വനം സർക്കാർ ഉത്തരവ് പ്രകാരം മുല്ലപ്പെരിയാർ, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ്, പീച്ചി, വാഴാനി, ചിമ്മിനി, കക്കയം, ഇടുക്കി, പരപ്പാർ (തെന്മല), പേപ്പാറ, നെയ്യാർ എന്നീ അണക്കെട്ടുകൾ ഒഴികെയുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നൽകിയതായി പരാമർശിച്ചിട്ടുണ്ട്. |
| ബി) ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യങ്ങളെ റിസർവോയറിൽ നിക്ഷേപിക്കുന്നത് മൂലം എന്തെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ പീച്ചി ഡാം റിസർവോയറിൽ പ്രസ്തുത ഇനത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ബി) ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യങ്ങളെ റിസർവോയറിൽ നിക്ഷേപിക്കുന്നത് മൂലം എന്തെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ഇതുവരെ ഒരു പഠനവും രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല ഈ ഇനത്തിൽപ്പെട്ട മത്സ്യങ്ങൾ റിസർവോയറുകളിലെ മത്സ്യ ഉല്പാദനത്തിന് ഏറ്റവും അനുകൂലമാണെന്നും ശാസ്ത്രീയമായ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പീച്ചി ഡാമിൽ 1970 മുതൽ 2014 വരെ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യങ്ങൾ നിക്ഷേപിച്ച് വന്നിരുന്നു. ഈ കാലയളവിൽ യാതൊരു |

തരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും റിപ്പോർട്ട് ചെയ്തിട്ടില്ല. ഇന്ത്യൻ മേജർ കാർപ്പ് എന്നറിയപ്പെടുന്ന ഈ ഇനത്തിൽപ്പെട്ട മത്സ്യങ്ങൾ സസ്യ ജന്തു പ്ലവകങ്ങളെ മാത്രം ആഹരിക്കുന്നവയും മറ്റു ജീവജാലങ്ങൾക്ക് യാതൊരുതരത്തിലുള്ള ഭീഷണി ഉയർത്തുന്നവയും അല്ല. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ തനത് മത്സ്യവിഭാഗത്തിൽപ്പെടുന്ന ഇവ റിസർവോയറുകളിൽ സ്വാഭാവിക പ്രജനനം നടത്തുന്നവയും അല്ല. പീച്ചി ഡാം റിസർവോയറിൽ പ്രസ്തുത ഇനത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെ തുടർന്നും നിക്ഷേപിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

**സെക്ഷൻ ആഫീസർ**

587 6776/G1/10/F&PD

# കേരള സർക്കാർ

## സംഗ്രഹം

ഫിഷറീസ് - അണക്കെട്ടുകളിലെ മത്സ്യകൃഷി വികസനം - ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടെയുള്ള അണക്കെട്ടുകളിലെ മത്സ്യക്കുഞ്ഞ് നിക്ഷേപ പദ്ധതി - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

സ.ഉ (സാധാ) നം.929/13/മ.തു.വ തിരുവനന്തപുരം, തീയതി:06/11/2013

---

പരാമർശം.
1. ദേശീയ മത്സ്യവികസന ബോർഡ് (NFDB) -ന്റെ 21.06.10-ലെ 834/NFDB/RFD/KL/2010-11/1108 നമ്പർ ഉത്തരവ്;
2. വനം വന്യജീവി വകുപ്പിന്റെ 22.06.11, 17.06.11 തീയതികളിലെ 63/F2/11/F&WLD നമ്പർ അനൗദ്യോഗികക്കുറിപ്പ്.
3. ഫിഷറീസ് വകുപ്പും മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 31.08.11-ൽ കൂടിയ യോഗത്തിന്റെ മിനിട്സ്.
4. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ 24.04.13-ലെ BO(FM) നമ്പർ 944/13(GPC2/Misc/27/97) നമ്പർ ഉത്തരവ്.
5. അണക്കെട്ടുകളിലെ മത്സ്യക്കുഞ്ഞ് നിക്ഷേപം സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ 20.06.13-ലെ യോഗത്തിന്റെ മിനിട്സ്.

## ഉത്തരവ്

സംസ്ഥാനത്തെ 20 അണക്കെട്ടുകളിൽ (ഇടുക്കി, പെരിയാർ, കല്ലട, പറമ്പിക്കുളം, കക്കി, കാരാപ്പുഴ, നെയ്യാർ, ബാണാസുരസാഗർ, ഷോളയാർ, പഴശ്ശി, ഭൂതത്താൻകെട്ട്, പേപ്പാറ, പമ്പ, ആനയിറങ്കൽ, നേര്യമംഗലം, പൊൻമുടി, മാട്ടുപ്പെട്ടി, കുണ്ടള, ശെങ്കുളം, പെരിങ്ങൽക്കുത്ത്) മത്സ്യവിത്തുകൾ നിക്ഷേപിക്കുന്നതിനായി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ 238.38 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് പരാമർശം ഒന്ന് പ്രകാരം ദേശീയ മത്സ്യവികസന ബോർഡ് (NFDB) ൽ നിന്നും അനുമതി ലഭിച്ചിരുന്നു.

2. സംരക്ഷിതമേഖല/സാങ്ച്വറി ആയി പ്രഖ്യാപിച്ചിട്ടുള്ള നെയ്യാർ, പേപ്പാറ, ഇടുക്കി, പെരിയാർ, പറമ്പിക്കുളം എന്നീ അണക്കെട്ടുകളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപം നടത്താനാവില്ലെന്ന് പരാമർശം 2 പ്രകാരം വനം വന്യജീവി വകുപ്പ് അറിയിക്കുകയുണ്ടായി. തുടർന്ന് 31.08.2011-ൽ നടന്ന ഉന്നതതല യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്തിരുന്നതും സാങ്ച്വറികൾ ആയി പ്രഖ്യാപിച്ചിട്ടുള്ള നെയ്യാർ, പേപ്പാറ, ഇടുക്കി, പെരിയാർ, പറമ്പിക്കുളം എന്നീ അണക്കെട്ടുകൾ ഒഴികെയുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പുകളായ കട്‌ല, രോഹു, മൃഗാൾ തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും സാങ്ച്വറി ആയി പ്രഖ്യാപിച്ചിട്ടുള്ള അണക്കെട്ടുകളിൽ തദ്ദേശ ഇനം മത്സ്യക്കുഞ്ഞുങ്ങളെ

നിക്ഷേപിക്കുന്നതിനും ഫിഷറീസ് വകുപ്പിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് തീരുമാനിച്ചിട്ടുള്ളതുമാണ്. പ്രസ്തുത യോഗ തീരുമാനപ്രകാരം സംസ്ഥാന വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള അണക്കെട്ടുകളിൽ മത്സ്യകുഞ്ഞ് നിക്ഷേപം നടത്തുന്നതിന് പരാമർശം 3 പ്രകാരം വൈദ്യുതി ബോർഡ് അനുമതി നൽകിയിട്ടുണ്ട്.

3. വനംവകുപ്പിന്റെ അധീനതയിലുള്ള അണക്കെട്ടുകളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപം നടത്തുന്നതിന് തടസ്സം നേരിട്ട സാഹചര്യത്തിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിന് 20.06.13-ൽ വീണ്ടും ഉന്നതതല യോഗം ചേരുകയും സാങ്ചറികളായി പ്രഖ്യാപിക്കപ്പെട്ട നെയ്യാർ, പേപ്പാറ, ഇടുക്കി, പെരിയാർ, പറമ്പിക്കുളം, എന്നിവ ഒഴികെയുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പിനത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെയും നെയ്യാർ, ഇടുക്കി, പെരിയാർ, പറമ്പിക്കുളം അണക്കെട്ടുകളിൽ തദ്ദേശീയ മത്സ്യ/ചെമ്മീൻ ഇനങ്ങളെയും നിക്ഷേപിക്കുവാനും കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കുന്ന പേപ്പാറയിൽ തൽക്കാലം മത്സ്യക്കുഞ്ഞ് നിക്ഷേപം നടത്തേണ്ടതില്ലായെന്നും തീരുമാനിക്കുകയും ഇതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഫിഷറീസ് വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. യോഗതീരുമാന പ്രകാരം മത്സ്യക്കുഞ്ഞ് നിക്ഷേപത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 5 പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉൾനാടൻ മത്സ്യോല്പാദന വർദ്ധനവിനായി നടപ്പാക്കുന്ന അണക്കെട്ടുകളിലെ മത്സ്യകൃഷി വികസന പദ്ധതിയുടെ ഭാഗമായി മത്സ്യവിത്ത് നിക്ഷേപത്തിനായി മുല്ലപ്പെരിയാർ, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തൂണക്കടവ്, പീച്ചി, വാഴാനി, ചിമ്മിനി, കക്കയം, ഇടുക്കി, പരപ്പാർ (തെന്മല), പേപ്പാറ, നെയ്യാർ എന്നീ അണക്കെട്ടുകൾ ഒഴികെയുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**കെ.ആർ.ജ്യോതിലാൽ**
**ഗവൺമെന്റ് സെക്രട്ടറി**

**To**

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യുട്ടീവ് ഡയറക്ടർ, അഡാക്ക്, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ വകുപ്പ്

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം

വനം വന്യജീവി വകുപ്പ് (12322/D2/12/F & WLD)

പരിസ്ഥിതി വകുപ്പ്

ഊർജ്ജ വകുപ്പ്

ജലവിഭവ വകുപ്പ്

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

ഡെപ്യൂട്ടി ഡയറക്ടർ -II, വെബ് & ന്യൂമീഡിയ,

(സർക്കാർ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

വനംവന്യജീവി വകുപ്പ് - വനം വകുപ്പിന്റെ അധീനതയിലുള്ള അണക്കെട്ടുകളുടെ പ്രദേശത്ത് താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് അണക്കെട്ടുകളിൽ നിന്നും മത്സ്യബന്ധനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(ആർ.റ്റി) നം. 17/2014/വനം. തിരുവനന്തപുരം, തീയതി, 09.01.2014.

പരാമർശം -1. അണക്കെട്ടുകളിലെ മത്സ്യക്കുഞ്ഞ് നിക്ഷേപം സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 20.06.2013-ലെ യോഗത്തിന്റെ മിനിറ്റ്സ്.

2. മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ 06.11.2013-ലെ ജി.ഒ.(ആർ.റ്റി)നം.929/2013/മതുവ നമ്പർ ഉത്തരവ്.

## ഉത്തരവ്

വനം വകുപ്പിന്റെ അധീനതയിലുള്ള അണക്കെട്ട് പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്നതിനായി ടിയാളുകളെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങളാക്കി മത്സ്യബന്ധനം നടത്തുന്നതിന് അനുവാദം നൽകുന്നതിനും സംരക്ഷിതമേഖല/സാങ്ച്വറികളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള അണക്കെട്ടുകൾ ഒഴികെയുള്ള അണക്കെട്ടുകളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപം നടത്തുന്നതിനും പരാമർശം ഒന്ന് പ്രകാരം തീരുമാനമെടുത്തിരുന്നു.

(2) പരാമർശം(2)-ലെ സർക്കാർ ഉത്തരവ് പ്രകാരം ഉൾനാടൻ മത്സ്യോല്പാദന വർദ്ധനവിനായി നടപ്പിലാക്കുന്ന അണക്കെട്ടുകളിലെ മത്സ്യകൃഷി വികസന പദ്ധതിയുടെ ഭാഗമായി മത്സ്യവിത്ത് നിക്ഷേപത്തിനായി മുല്ലപ്പെരിയാർ, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ്, പീച്ചി, വാഴാനി, ചിമ്മിനി, കക്കയം, ഇടുക്കി, പരപ്പാർ (തെന്മല), പേപ്പാറ, നെയ്യാർ എന്നീ അണക്കെട്ടുകൾ ഒഴികെയുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(3) മേൽ സാഹചര്യത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള അണക്കെട്ട് പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്നതിനായി അവരെ ഫിഷറീസ് വകുപ്പ് രൂപീകരിക്കുന്ന മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളാക്കി നിലവിലുള്ള വനം വന്യജീവി നിയമങ്ങൾക്കനുസൃതമായി മത്സ്യബന്ധനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജോൺസൺ തോമസ്,
അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്,
തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം), തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം),
തിരുവനന്തപുരം.
ഫിഷറീസ് വകുപ്പ് (ഫയൽ നം.6776/സി1/2010/മഉവ).
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്.
ഡെപ്യൂട്ടി ഡയറക്ടർ-II, വെബ് ആന്റ് ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ
അപ്‌ലോഡ് ചെയ്യുന്നതിന്).
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ